**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

Regulations - M.Ed (2 Year) - സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ദ്വിവത്സര എം.എഡ് പ്രോഗ്രാമിന്റെ റെഗുലേഷൻസിലെ ന്യൂനതകൾ പരിഹരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 1144/AC A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.03.2019

---

പരാമർശം:-1) സ.ഉ.നം. 390/എസി.എ5/1/എസ്.പി.എസ്.-എം.എഡ്(2 വർഷം)/2015, തീയതി 20/01/2017

2) സ.ഉ.നം. 5208/എസി.എ5/1/2016, തീയതി 28/09/2016

3) സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് വകുപ്പ് മേധാവിയുടെ കത്ത്, തീയതി 03/12/2018

4) 16/02/2019 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനുട്സ് ഇനം നം. 99/Ac.19/195053

5) 18/03/2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.02) സമർപ്പിച്ച ഇനം നം. 01/19.02/190182

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ദ്വിവത്സര എം.എഡ് പ്രോഗ്രാമിന്റെ സിലബസും സ്കീമും റെഗുലേഷൻസും, NCTE റെഗുലേഷൻസ് 2014 ന് അനുസൃതമായി പുതുക്കി 2015 അഡ്മിഷൻ മുതൽ പ്രാബല്യം നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠനവകുപ്പുകളിൽ നിലനിൽക്കുന്ന സി.എസ്.എസ്. റെഗുലേഷൻസ് 2016 പ്രവേശനവർഷം മുതൽ പരിഷ്കരിച്ചു പരാമർശം (2) പ്രകാരം അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത റെഗുലേഷൻസിന് അനുസൃതമായി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ദ്വിവത്സര എം.എഡ് പ്രോഗ്രാമിന്റെ സിലബസും സ്കീമും റെഗുലേഷൻസും പരിഷ്കരിക്കേണ്ടിയിരുന്നു. എന്നാൽ സി.എസ്.എസ്. റെഗുലേഷൻസ് 2016 ന് അനുസൃതമായി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ദ്വിവത്സര എം.എഡ് പ്രോഗ്രാമിന്റെ സിലബസും സ്കീമും റെഗുലേഷൻസും പരിഷ്കരിക്കാത്തതിനാൽ, ദ്വിവത്സര എം.എഡ് പ്രോഗ്രാമിന്റെ റെഗുലേഷൻസിൽ നിലനിൽക്കുന്ന വൈരുദ്ധ്യങ്ങൾ മൂലം 2015,2016,2017 എന്നീ വർഷങ്ങളിൽ പ്രസ്തുത പ്രോഗ്രാമിന് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പ്രഖ്യാപിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ, ദ്വിവത്സര എം.എഡ് പ്രോഗ്രാമിന്റെ റെഗുലേഷൻസിൽ സി.എസ്.എസ്. റെഗുലേഷൻസ് 2016 മായി നിലനിൽക്കുന്ന വൈരുദ്ധ്യങ്ങൾ പരിഹരിക്കണമെന്ന് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് വകുപ്പ് മേധാവി പരാമർശം (3) പ്രകാരംഅഭ്യർത്ഥിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ദ്വിവത്സര എം.എഡ്

Draft #1 of File Ac.AV/1/1521/M.Ed/2019/Academic Approved by ASSISTANT REGISTRAR III ACADEMIC on 22-Mar-2019 02:48 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രോഗ്രാമിന്റെ റെഗുലേഷൻസ് സംബന്ധിച്ച് SPS വകുപ്പുമേധാവി സമർപ്പിച്ച താഴെപ്പറയുന്ന ശിപാർശകൾ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സറുടെ 23/01/2019 തീയതിയിലെ ഉത്തരവിൻപ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

a) സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ദ്വിവത്സര എം.എഡ് പ്രോഗ്രാമിന് 2015,2016,2017 എന്നീ വർഷങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക്, NCTE റെഗുലേഷൻസ് പ്രകാരം തയ്യാറാക്കിയ സിലബസിന്റെ (2015) റെഗുലേഷൻസിലെ ഗ്രേഡിംഗ് സിസ്റ്റത്തിന് അനുസൃതമായി ഗ്രേഡിംഗ് നൽകുക.

b) പ്രസ്തുത പ്രോഗ്രാമിൽ വിജയിക്കുന്നതിനുള്ള ആകെ മാർക്ക് 50% എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രോഗ്രാം വിജയിക്കുന്നതിനുള്ള കുറഞ്ഞ CGPA '5' എന്നാക്കി നിജപ്പെടുത്തുക. പ്രസ്തുത പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള ആകെ കുറഞ്ഞ ക്രെഡിറ്റുകൾ ' 80 ' എന്നാക്കി നിശ്ചയിക്കുക.

c) പ്രസ്തുത പ്രോഗ്രാമിന്റെ സിലബസ്,സ്കീം,റെഗുലേഷൻസ് എന്നിവ 2018 അഡ്മിഷൻ ബാച്ച് മുതൽ സി.എസ്.എസ്. റെഗുലേഷൻസ് 2016, NCTE റെഗുലേഷൻസ് എന്നിവയ്ക്ക് അനുസൃതമായി പരിഷ്കരിക്കുക.

d) സി.എസ്.എസ്. റെഗുലേഷൻസ് 2016 ൽ ദ്വിവത്സര എം.എഡ് പ്രോഗ്രാം സംബന്ധിച്ച വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതി വരുത്തുക.

അക്കാദമിക് കൗൺസിൽ യോഗം പരാമർശം (4) പ്രകാരം, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ദ്വിവത്സര എം.എഡ് പ്രോഗ്രാം സംബന്ധിച്ച മേൽശിപാർശകൾ അംഗീകരിച്ചു.

മേൽതീരുമാനം പരാമർശം (5) പ്രകാരം സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി,സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ്
2. കൺവീനർ, സി.എസ്.എസ്. അക്കാദമിക് അഡ്വൈസറി കമ്മിറ്റി
3. വൈസ് ചാൻസലറുടെ പി.എസ്.
4. രജിസ്ട്രാറുടെ പി.എ/പരീക്ഷാ കൺട്രോളറുടെ പി.എ
5. ജെ.ആർ II /ഡി.ആർ II/എ.ആർ III (അക്കാദമിക്)
6. എസി.എI/എസി.എ8/എസി.സി I/II/സി.എസ്.എസ്.
7. എസി.ബി6/7/എസി.എൽ/ലീഗൽ

Draft #1 of File Ac.AV/1/1521/M.Ed/2019/Academic Approved by ASSISTANT REGISTRAR III ACADEMIC on 22-Mar-2019 02:48 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

8. കണ്ടന്റ് മാനേജ്മെന്റ് /ഐ.ക്യു.എ.സി
9. കരുതൽ ഫയൽ/ഫയൽ പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File Ac.AV/1/1521/M.Ed/2019/Academic Approved by ASSISTANT REGISTRAR III ACADEMIC on 22-Mar-2019 02:48 PM - Page 3